## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1668 — 10.02.2020 ൽ മറുപടിക്ക്

## കടുത്തുരുത്തി ഗ്രാമപഞ്ചായത്തിലെ വികസന പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **എ.സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)** |
| എ | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത സ്ഥലം വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു:തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 03.04.2018-നു ചേർന്ന യോഗത്തിനു ശേഷം ഉണ്ടായിട്ടുള്ള തുടർനടപടികൾ വ്യക്തമാക്കാമോ; | കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 13.04.2018 ലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം പ്രസ്തുത സ്ഥലം വിട്ടു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>മൂന്ന് ഏക്കർ ഇരുപത്തിമൂന്ന് സെന്റ് സ്ഥലത്തു നിന്നും ലൈഫ് മിഷനുവേണ്ടി ഒരേക്കർ സ്ഥലം പ്രത്യേകം അളന്ന് തിട്ടപ്പെടുത്തിത്തരുന്നതിനായി വൈക്കം തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുള്ളതും അളന്ന് നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| ബി | ഇതു സംബന്ധിച്ച ഫയൽ ഇപ്പോൾതദ്ദേശസ്വയംഭരണ വകുപ്പ് ആർ സി സെക്ഷനിലുണ്ടോ; ആയതിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ; | ഉണ്ട്. ഗവ. പോളിടെക്നിക് കോളേജിനായി കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് നേരിട്ട് വിലയ്ക്ക വാങ്ങിയതും അക്വിസിഷൻ വഴി ഏറ്റെടുത്തിട്ടുള്ളതുമായ ഭൂമിയുടെ ആകെ വിസ്തീർണ്ണവും പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിൽ വൈരുദ്ധ്യം കാണുന്നതിനാൽ, ആയതിൽ വ്യക്തത വരുത്തുന്നതിനും, പഞ്ചായത്ത് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലിൽ 19 ഏക്കർ 39.14 സെന്റിൽ കൂടുതലായി ഉൾപ്പെടുത്തിയിട്ടുള്ള ഭൂമി പഞ്ചായത്ത് ഏറ്റെടുത്തതോ അതോ അതിന്റെ അധീനതയിലുള്ളതോ ആണോ എന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുവാനും, അല്ലാത്ത പക്ഷം, ഓരോ ആവശ്യത്തിനും അനുവദിക്കേണ്ട ഭൂമിയുടെ സർവ്വെ നമ്പരും വിസ്തീർണ്ണവും കൃത്യമായി രേഖപ്പെടുത്തിക്കൊണ്ട്, പഞ്ചായത്ത് ഏറ്റെടുത്ത ഭൂമി മാത്രം ഉൾപ്പെടുന്ന പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർക്കും കോട്ടയം ജില്ലാകളക്ടർക്കും കടുത്തുരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്കും 23.10.2018 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| സി | പ്രസ്തുത ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷനു ഭൂമി അനുവദിക്കുന്നതിനുവേണ്ടി 03.04.2018-ലെ മീറ്റിംഗിന്റെ തുടർച്ചയായി കടുത്തുരുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനം നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ; | ഉണ്ട്. |
| ഡി | പോളിടെക്നിക്കിന്റെ ബാക്കിയുള്ള സ്ഥലം വിവിധ സർക്കാർ ഓഫീസുകളായ അംഗൻവാടി, ഹോമിയോ ഡിസ്പെൻസറി, ഫയർ സ്റ്റേഷൻ എന്നിവയ്ക്ക് നൽകാമെന്ന പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ സർക്കാർ ഇതുവരെ എന്ത് നിലപാട് സ്വീകരിച്ചു എന്നറിയിക്കാമോ; | ഓരോ ആവശ്യത്തിനും അനുവദിക്കേണ്ട ഭൂമിയുടെ സർവ്വേ നമ്പർ, വിസ്തീർണ്ണം എന്നിവ കൃത്യമായി രേഖപ്പെടുത്തി, പഞ്ചായത്ത് ഏറ്റെടുത്ത ഭൂമി മാത്രം ഉൾപ്പെടുന്ന പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ഇ | ഒരു ഫയൽ രണ്ടുവർഷക്കാലമായി തീരുമാനമാകാതെ കിടക്കുന്നതിന്റെ കാരണം അറിയിക്കാമോ; | വിവിധ ആവശ്യങ്ങൾക്ക് ഭൂമി അനുവദിക്കേണ്ടതുള്ളതി-നാൽ വിവിധ തരം പ്രൊപ്പോസലുകളും റിപ്പോർട്ടുകളും വിവിധ അധികാരികളിൽ നിന്നും ലഭിക്കേണ്ടതും ഇപ്രകാരം നൽകുന്ന പ്രൊപ്പോസലുകൾ അപൂർണ്ണമായതിനാലും ബന്ധപ്പെട്ട രേഖകൾ ഉൾക്കൊള്ളിക്കാത്തതിനാലും ആയത് പരിശോധിക്കേണ്ടതും വിവിധ വകുപ്പുകളുടെ അഭിപ്രായം ആവശ്യമായിട്ടുള്ളതിനാലുമാണ് ടി വിഷയത്തിൽ തീരുമാനമാകാൻ കാലതാമസമെടു-ക്കുന്നത്. |
| എഫ് | 03.04.2018-നുശേഷം എൽ.എസ്.ജി.ഡി ആർ സി 4 സീറ്റിൽ സ്ഥലംമാറ്റം ലഭിച്ച വന്നവരെല്ലാം പ്രസ്തുത ഫയലിനെക്കുറിച്ച് ചോദിക്കുമ്പോൾ അറിയില്ല എന്നു മറുപടി നൽകികൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച മാന്വൽ ഫയൽ നിലവിലുണ്ടോ എന്നറിയിക്കാമോ; ആർ.സി 4/137/2017 എന്ന ഫയൽ ക്ലോസ് ചെയ്തിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ? | മാന്വൽ ഫയൽ നിലവിലുണ്ട്. ഈ വിഷയം കൈകാര്യം ചെയ്യുന്ന ആർ.സി4/137/2017/ത.സ്വ.ഭ.വ മാന്വൽ ഫയലിൽ നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**